## ഭാരതീയ റിസർവ് ബാങ്ക്

(www.rbi.org.in)

**RBI/2017-18/60**

**FIDD.CO.LBS.BC.No.15/02.08.001/2017-18** സെപ്തംബർ 21, 2017

എല്ലാ ലീഡ് ബാങ്കുകളുടെയും
ചെയർമാൻ & മാനേജിംഗ് ഡയറക്ടർമാർ/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്

പ്രിയപ്പെട്ട സർ/മാഡം,

**വെസ്റ്റ് ബംഗാൾ സംസ്ഥാനത്തിലെ പുതിയ ജില്ലകളുടെ രൂപീകരണം - ലീഡ് ബാങ്ക് ചുമതല ഏൽപിച്ചു കൊടുക്കൽ**

പശ്ചിമ ബംഗാൾ സംസ്ഥാനത്ത് 2017 ഏപ്രിൽ 4 മുതൽക്ക് പ്രാബല്യത്തിൽ വരും വിധം 'ജാർഗ്രാം' എന്ന പേരിൽ ഒരു പുതിയ ജില്ല സൃഷ്ടിച്ചു കൊണ്ട് പശ്ചിമ ബംഗാൾ സർക്കാർ 2017 മാർച്ച് 20ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. 2017 ഏപ്രിൽ 7 മുതൽക്ക്

പ്രാബല്യത്തിൽ വരും വിധം 2017 മാർച്ച് 24*pmw* തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം 'പശ്ചിം ബർദമാൻ' എന്ന പേരിൽ മറ്റൊരു പുതിയ ജില്ലയും സൃഷ്ടിച്ചിട്ടുണ്ട്. പുതിയ ജില്ലകളിലെ ലീഡ് ബാങ്ക് ചുമതല താഴെപ്പറയും പ്രകാരം ഏൽപിച്ചു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു:

| ക്രമ നമ്പർ | പുതുതായി രൂപം നൽകിയ ജില്ല | പഴയ ജില്ല | പുതുതായി സൃഷ്ടിച്ച ജില്ലകളുടെ സബ് ഡിവിഷനുകൾ | ലീഡ് ബാങ്ക് ചുമതല ഏൽപ്പിക്കപ്പെട്ട ബാങ്ക് | പുതിയ ജില്ലക്ക് നൽകിയിരിക്കുന്ന ജില്ലാ വർക്കിംഗ് കോഡ് |
|---|---|---|---|---|---|
| 1 | **പശ്ചിം മേദിനിപൂർ** | **പശ്ചിം മേദിനിപൂർ** | മേദിനിപൂർ സദർ, ഖരക്പൂർ, ഘാട്ടാൽ | **യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ** | 112 |
| 2 | **ജാർഗ്രാം** | **പശ്ചിം മേദിനിപൂർ** | ജാർഗ്രാം സദർ | **യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ** | 398 |
| 3 | **പൂർബ ബർദമാൻ** | **പൂർബ ബർദമാൻ** | ബർദമാൻ സദർ നോർത്ത്, ബർദമാൻ സദർ സൗത്ത്, കട്വ, കൽന | **യൂക്കോ ബാങ്ക്** | 399 |
| 4 | **പശ്ചിം ബർദമാൻ** | **പൂർബ ബർദമാൻ** | അസൻസോൾ സദർ, ദുർഗാപൂർ | **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ** | 403 |

2. ബാങ്കുകൾക്ക് ബിഎസ്ആർ റിപ്പോർട്ട് ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി പുതിയ ജില്ലകൾക്ക് ഡിസ്ട്രിക്ട് വർക്കിംഗ് കോഡുകൾ നൽകിയിരിക്കുന്നു.

3. പശ്ചിമ ബംഗാൾ സംസ്ഥാനത്തിലെ മറ്റ് ജില്ലകളുടെ ലീഡ് ബാങ്ക് ചുമതലകളിൽ മാറ്റമില്ല.

താങ്കളുടെ വിശ്വസ്തതയുള്ള

(അജയ്കുമാർ മിശ്ര)
ചീഫ് ജനറൽ മാനേജർ